
ചെറുകഥ

പുതിയപിറവി



കോന്നിയൂർ ആർ. നരേന്ദ്രനാഥ്

അയാളുടെ ശരീരം വിറയ്ക്കുകയാണ്. അകത്തെ വികാരക്ഷോഭം ഒരുതരത്തിലും പുറത്തു പ്രകടമാകരുതെന്നു മനഃപൂർവ്വം ശ്രദ്ധിക്കുന്നുണ്ട്. എന്നിട്ടും അതു സാധിക്കുന്നില്ല. ജരബാധിച്ച തൊലിയുടെ ഞൊറിവുകൾ വിയർപ്പുചാലുകളായി ത്തീർന്നിരിക്കുന്നു. ഇടയ്ക്കിടെ വെള്ളത്തരോമം കലർന്നിട്ടുള്ള തടിച്ച പുരികങ്ങളിൽക്കൂടി നെററിയിലെ വിയർപ്പ് ഒലിച്ചിറങ്ങി ഇററിററു വീഴുന്നുണ്ട്. കാലത്തു നെററിയിൽ പൂശിയഭസ്മം നനഞ്ഞു കറുത്ത പാടായിട്ടവശേഷിച്ചിരിക്കുന്നു. കഴുത്തിൽക്കൂടി നീട്ടി ഇരുവശത്തുമായി തൂക്കിയിട്ടുള്ള നേര്യതിൻെറ ഒരററംകൊണ്ടു, വീശുന്നുണ്ട്. കുറച്ചുനേരം അങ്ങിനെ വീശിക്കൊണ്ടു അങ്ങോട്ടുമിങ്ങോട്ടും നടന്നു. പിന്നെ അല്പസമയം, അവിടെ കിടക്കുന്ന ബഞ്ചിൽ, ഇരിപ്പു പിടിച്ചു. ഭിത്തിയിൽ തൂക്കിയിരിക്കുന്ന കൊച്ചുപലകയിൽ കണ്ണുറച്ചു.—"പുരുഷന്മാർക്ക് പ്രവേശനമില്ല." എത്രനേരം ആ വാക്കുകളിൽത്തന്നെ നോക്കിക്കൊണ്ടിരുന്നെന്ന്, എത്ര ആവർത്തി അതു വായിച്ചെന്ന്, നിശ്ചയമില്ല.

വളരെ സമയമായി ഇവിടെയെത്തിയിട്ട്. ആശുപത്രിയായിട്ടും ഒരു മനുഷ്യൻെറ നിഴൽപോലും ഇവിടെ കാണാനില്ല. ആവേശത്തോടെ, വിവരമറിയാൻ, നടന്നു കിതച്ചുവന്നതാണ്. ബോർഡു തൂക്കിയിരിക്കുന്നതിനപ്പുറത്ത്, രണ്ടുമൂന്നു മുറികൾക്കപ്പുറത്തു, ആരോ പെണ്ണുങ്ങൾ അടക്കി സംസാരിക്കുന്നതിൻെറ അവ്യക്തമായ പ്രതിധ്വനി കേൾക്കാനുണ്ട്. മനുഷ്യരുണ്ടെന്നുള്ളതിൻെറ സൂചന അതു മാത്രമാണ്.

അവിടെ അങ്ങിനെ കുറച്ചുനേരം ഇരുന്നപ്പോൾ ആകപ്പാടെ ഒന്നടങ്ങിയെന്നു തോന്നി. കിഴക്ക്, അങ്ങ് അകലെ, കുന്നുകൾക്കപ്പുറത്ത്, നീലമലകളുടെ നിഴൽ, കോട്ടപോലെ നീലാംബരത്തിനെതിരെ കാണാനുണ്ട്. മണി പത്തു കഴിഞ്ഞിരിക്കണം. നല്ല വെയിൽ.

അയാൾ എന്തിനെന്നില്ലാതെ എഴുനേററു. പെട്ടെന്ന് അപ്രതീക്ഷിതമായ എന്തോ ദർശിച്ചവനെപ്പോലെ അകലെ അയാൾ നോട്ടം ഉറപ്പിച്ചുനിന്നു.

ആശുപത്രി പറമ്പിൻെറ തെക്കുകിഴക്കേ മൂലയ്ക്ക് ഉയർന്നുനില്ക്കുന്ന, സ്വർണ്ണനിറമുള്ള ഗൗരീഗാത്രത്തെങ്ങിൻെറ ഓലകൾ ഇളംകാററ് ഇളക്കുന്നു. ഓലക്കാലുകൾ ആകർഷകമായി താളം പിടിയ്ക്കുകയാണ്. അതുമൂലം ഉത്ഭവിയ്ക്കുന്ന മർമ്മരശബ്ദം എന്തൊക്കെയോ മന്ത്രിക്കുകയാണെന്ന് അയാൾക്കു തോന്നി. സാർത്ഥകങ്ങളായ ശബ്ദങ്ങളാണോ അവ പുറപ്പെടുവിക്കുന്നതു? അസ്പഷ്ടങ്ങളായ ചില ചിത്രങ്ങൾ ആ ശബ്ദങ്ങളാൽ അയാളുടെ മനസ്സിൽ ഉണരുകയാണോ?

അയാൾ അകലെനിന്ന്, നോട്ടമെടുക്കാതെ, ബഞ്ചിൽ വന്നിരുന്നു.

അയാളുടെ ചിന്ത അതിശീഘ്രം പ്രവർത്തിച്ചു തുടങ്ങി...

ഏതാണ്ടു ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കു മുമ്പു നടന്ന സംഭവങ്ങളാണ്...

അയാൾ ഓർമ്മിക്കാൻ തീരെ ആഗ്രഹിക്കാത്ത കാര്യങ്ങളാണ്. ഓർമ്മിക്കരുതെന്നു എന്നും വിചാരിക്കാറുള്ള സംഗതികളാണ്. എന്നാൽ ഓർമ്മയുടെ ഓളങ്ങൾ ഉയർന്നുതുടങ്ങിയാൽ അവ അനവരതം, അടിച്ചടിച്ചു, ഹൃദയത്തിൻെറ കരകളിലേക്ക് എത്തുന്നു...

സന്ധ്യ കഴിഞ്ഞിരിക്കണം. നാമജപം കഴിഞ്ഞു് മുററത്തേക്കിറങ്ങി ഉലാത്തിത്തുടങ്ങിയപ്പോൾ മകൻ ഗോപി ഓടി വന്നു, അയാളുടെ വിരലിൽ പിടിച്ചു.

"അച്ഛാ! അമ്മ വിളിക്കുന്നു, അങ്ങോട്ടൊന്നു ചെല്ലാൻ."

ഒട്ടും അമാന്തിച്ചില്ല. ഉടനെ പടികയറി, അകത്തേയ്ക്കുപോയി. വാസ്തവത്തിൽ അതൊരോട്ടമായിരുന്നു.

നാലഞ്ചുദിവസമായി, ഗൗരിയ്ക്ക് അത്ര സുഖമില്ലാതായിട്ട്. അവൾ മിക്കവാറും കിടക്കയിൽത്തന്നെയാണ്. അവൾക്ക് അസുഖമുണ്ടാകുമ്പോൾ അയാൾക്കാണ് കൂടുതൽ അസ്വാസ്ഥ്യം. മുമ്പൊരിക്കലും ഗൗരിക്ക് ഈ വിധത്തിൽ അവശതയുണ്ടായിട്ടില്ല. എന്തൊരു ക്ഷീണവും ആയാസവുമാണ്! വിളർച്ച് വീശിയ അവളുടെ മുഖത്ത് പ്രസന്നതയുടെ പ്രകാശം വ്യാപിക്കുന്നത് അയാളെ കാണുമ്പോൾ മാത്രമാണ്. അതുകൊണ്ടു ഒഴിച്ചുകൂടാനാവാത്ത അത്യാവശ്യങ്ങൾക്കു മാത്രമേ, അയാൾ വീടുവിട്ടുപോകാറുള്ളു. രണ്ടാഴ്ചയായി പുറത്തിറങ്ങിയിട്ടില്ല.

അവിടെയുള്ള പ്രഗത്ഭരായ പല വൈദ്യന്മാരും ഗൗരിയെ പരിശോധിച്ചു ചികിത്സ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചാണു അവളുടെ ദിനചര്യകൾ ക്രമപ്പെടുത്തിയിട്ടുള്ളതും. കഷായവും, ഗുളികയും, ആസവങ്ങളും അരിഷ്ടവും—എല്ലാം വൈദ്യന്മാരുടെ നിർദ്ദേശമനുസരിച്ച് ഗൗരി കഴിക്കുന്നുണ്ട്. ജ്യോത്സ്യന്മാരുടെ ശുപാർശയനുസരിച്ചു വഴിപാടുകൾ നടത്താറുള്ളതിനു കണക്കില്ല.

ഗൗരിയുടെ മുറിയിലേക്ക് കടന്നുചെന്നപ്പോൾ, അതിൻെറ കിഴക്കു തെക്കേ മൂലയിൽ നിലവിളക്ക് ഒതുങ്ങി കത്തുന്നുണ്ട്. മങ്ങിയ വെളിച്ചമേയുള്ളു. തിരിയുടെ പ്രഭയിൽ സ്വർണ്ണംപോലെ തിളങ്ങുന്നുണ്ട് നീണ്ട തണ്ടുള്ള നിലവിളക്ക്.

"നാമം ജപിച്ചു കഴിഞ്ഞെങ്കിൽ, ഇങ്ങോട്ടൊന്നുവരാൻ പറയാനാ ഗോപിയോടു പറഞ്ഞത്. അവൻ വന്നു തിരക്കുകൂട്ടിയോ"—കിടക്കയിൽ കിടന്നിരുന്ന ഗൗരി ചിരിക്കാൻ ശ്രമിച്ചുകൊണ്ടു പതുക്കെ പറഞ്ഞു. അത്യന്തം ക്ഷീണിച്ചതും നേർത്തതുമായ ശബ്ദമായിരുന്നു. അകത്തേക്ക്, സംഭ്രമം അടക്കാനാവാതെ, കടന്നുവന്ന ഗോവിന്ദപ്പിള്ളയെ നോക്കിയാണ് ഗൗരി അതു പറഞ്ഞത്.

അയാൾ അവളുടെ സമീപം ഇരുന്നു. ഇരിക്കുന്നതിനിടയിൽ, തിരക്കിട്ട് അയാൾ ചോദിച്ചു:

"എന്താ, ഗൗരി! എന്താ വിശേഷം?"

ഗൗരിയുടെ വാക്കുകൾ അയാൾ ശ്രദ്ധിച്ചിരിക്കുകയില്ലെന്ന് അയാളുടെ ചോദ്യം തെളിയിച്ചു.

"ഒന്നുമില്ല! നാമംജപിച്ചു കഴിഞ്ഞെങ്കിൽ ഇവിടെ വന്നിരിയ്ക്കാൻ വേണ്ടി പറഞ്ഞയച്ചതാ!"

മനഃപൂർവ്വം അവൾ എന്തോ പറയുന്നുണ്ടെന്ന് അയാൾക്കുതോന്നി.

"എന്താ സത്യം പറയൂ!"

അവൾ ചിരിച്ചു. വേദന സ്ഫുരിക്കുന്ന ചിരിയായിരുന്നു അതെന്ന് അയാൾക്കു കാണാൻ, ആ അരണ്ടവെളിച്ചത്തിലും സാധിച്ചു.

"എന്താ? കാര്യം തുറന്നു പറയൂ!"

"തിടുക്കം കൂട്ടാനൊന്നുമില്ല."

"ഇല്ലേ?"

"ഏതായാലും അവരെ വരുത്താൻ...പതുക്കെ മതി...ആളയച്ചാൽ..."

> പഞ്ചവത്സരപദ്ധതികളുടെ പ്രയോജനം പശ്ചാത്തലമാക്കിയുള്ള ഒരു കഥ. ഭാവന കൂടുതലുണ്ടെങ്കിലും പരമാർത്ഥത്തിൻെറ ബിന്ദുവിലാണ് അത് കെട്ടിപ്പടുത്തിട്ടുള്ളത്. എ. ഐ. ആറിൽ പ്രോഗ്രാം എക്സിക്യൂട്ടീവായ കാഥികൻ നാട്ടിൻപുറങ്ങളുടെ വളർച്ചയിൽ അതീവ താല്പര്യമുള്ള ഒരു നല്ല എഴുത്തുകാരനും ശാസ്ത്രോപാസകനുംകൂടിയാണ്.

ആരെയാണു വിളിയ്ക്കാൻ ആളയയ്ക്കേണ്ടതെന്ന് അയാൾക്കറിയാം. ഒരാഴ്ചയായി പതിച്ചിപ്പാറുവമ്മ അവിടെത്തന്നെയായിരുന്നു താമസം. ഇന്നു കാലത്താണ് അവർ അവരുടെ വീട്ടിലേയ്ക്ക് പോയതു്. സന്ധ്യയ്ക്കുമുമ്പു മടങ്ങിവരാമെന്നു പറഞ്ഞാണ് പോയതും. ആ നാട്ടിൻപുറത്തെ പ്രമാണിത്തമുള്ള വീടുകളിലെയൊക്കെ പ്രസവം നോക്കുന്നതു അവരാണ്—പതിച്ചിപ്പാറുവമ്മ.

"ഇതാ ഇപ്പോൾ ആളയച്ചുവരുത്താം"—പിന്നെ അരനിമിഷം അയാൾ അവിടെ നിന്നില്ല.

തൊഴുത്തിൽ പശുക്കൾക്ക് വൈക്കോൽ കൊടുത്തുകൊണ്ടിരുന്ന കൊച്ചുനാണുവിനെ വിളിച്ച് അയാൾ പറഞ്ഞു:

"വേഗം പോയി, പാറുവമ്മേ വിളിച്ചോണ്ടു ക്ഷണത്തിൽ വാ!"

ഗോവിന്ദപ്പിള്ള മടങ്ങി ഗൗരിയുടെ മുറിയിലെത്തി. അയാൾ അവളുടെ അടുത്ത് ഇരുന്നു.

"ബഹളമൊന്നും കൂട്ടണ്ടാ. ചെറിയ ഒരു വല്ലായ്മ"—ഗൗരി പതുക്കെ പറഞ്ഞിട്ടു അയാളുടെ മുഖത്തേക്കു നോക്കി— "പഴയപോലെ കള്ളനോവായിക്കൂടെന്നില്ല."

ഗോവിന്ദപ്പിള്ള ഒന്നുംമിണ്ടിയില്ല. അയാളുടെ മനസ്സിൽ ചിന്തകൾ നിറഞ്ഞുനില്ക്കുകയായിരുന്നു. പുറത്തെ അന്ധകാരത്തിലേക്ക് നോക്കിക്കൊണ്ടു് അവളുടെ അടുത്തിരിക്കുന്ന ഭർത്താവിനെ ഗൗരി സാകൂതം നോക്കി. മുഖത്ത് എന്തൊരു ക്ഷീണമാണ്! നിറച്ചു കുററിമീശകൾ. മീശ വടിച്ചിട്ടു നാലഞ്ചുദിവസമായിക്കാണണം. കവിളൊക്കെ ഒട്ടിത്തുടങ്ങിയിരിക്കുന്നോ?

കിഴക്ക്, അങ്ങകലെ, കുന്നുകൾക്കപ്പുറത്ത് ചന്ദ്രബിംബം ഉദിച്ചുയരുകയാണ്. അടുത്ത് തടുത്തുകൂടിയിട്ടുള്ള ഇരുണ്ട മേഘങ്ങളുടെ വക്കിൽ രജതരേഖ ചാർത്തിക്കൊണ്ടാണ് ചന്ദ്രൻ ഉദിച്ചുയരുന്നതു്. എന്തൊരു നിശ്ശബ്ദത!

വലത്തുകൈ മെത്തയിൽ ഊന്നിയിരിക്കുന്ന അയാളുടെ അടുത്തേയ്ക്കു ഗൗരി നീങ്ങിക്കിടന്നു. അവൾ അയാളുടെ കൈപ്പടം പതുക്കെ തലോടി.

എന്തൊരു തണുപ്പാണ് അവളുടെ വിരലുകൾക്ക്.

അയാൾ തിരിഞ്ഞു് ഗൗരിയുടെ മുഖത്തേയ്ക്കു നോക്കി. അന്ധകാരത്തിനപ്പുറത്ത്, ഉദിച്ചുയരുന്ന പ്രകാശബിംബത്തിൽ നിന്ന് അയാളുടെ ശ്രദ്ധ, തൂവെള്ളവിരിപ്പിൽ ഇടത്തോട്ടു ചരിഞ്ഞു, തൻെറ കൈ തലോടിക്കൊണ്ടു കിടക്കുന്ന ഗൗരിയിലേക്കായി. അയാൾ ഒന്നും പറഞ്ഞില്ല.

"ഉം? എന്താ ഒന്നും മിണ്ടാത്തെ? ങെ?" ഗൗരി പതുക്കെ ചോദിച്ചു.

സമാധാനം പറയാൻ അയാൾക്കൊന്നുമുണ്ടായിരുന്നില്ല. എന്തുകൊണ്ടാണ് അയാൾ മൂകനായിപ്പോയത്? അവൾ, മുമ്പു, മൂന്നു പ്രസവിച്ചിട്ടുണ്ട്. മൂന്ന് ആൺകുഞ്ഞുങ്ങളെ അയാൾക്ക് സമ്മാനിച്ചിട്ടുണ്ട്. അന്ന് ഓരോ പ്രാവശ്യവും, ഇതുപോലെ അവൾ കിടന്നിട്ടുമുണ്ട്. എന്നാൽ അന്നെങ്ങും അയാൾക്ക് ഈ പരവശത തോന്നിയിട്ടില്ല. എന്നാൽ ഇന്നോ? എന്തുകൊണ്ടാണ് അയാൾക്ക് ഈ ഭയാശങ്ക?

നിശ്ചയമില്ല... മറുപടിയില്ല...

ഗൗരി ചിരിക്കാൻ ശ്രമിക്കുകയാണ്! നിലവിളക്കിൻെറ മങ്ങിയവെളിച്ചത്തിൽ, മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത, ചൈതന്യം, ഗൗരിയുടെ മുഖത്ത് കാണുന്നതായി അയാൾക്കു തോന്നി. വിളർച്ചയോ, ക്ഷീണമോ ഒന്നുംതന്നെ അരണ്ട വെളിച്ചത്തിൽ അറിയാനില്ല. അസാധാരണമായ കാന്തിപ്രസരം അവളുടെ മുഖത്തു പരിവേഷം ചാർത്തുന്നു...

അയാൾക്കു മനോവിഭ്രാന്തിയാണോ? കടുത്ത സംശയം തോന്നി. കണ്ണുകൾ വഞ്ചിക്കുകയാണോ? അയാൾ എവിടെയാണ്?...

എവിടെയും തികഞ്ഞ നിശ്ശബ്ദത.

മരങ്ങൾക്കു മുകളിൽ ഉയർന്നുകഴിഞ്ഞ ചന്ദ്രൻ നിലാവു പൊഴിക്കുകയാണ്...

അയാൾ കുറേക്കൂടി കുനിഞ്ഞ് ഗൗരിയുടെ മുഖത്തേക്കു നോക്കി.

വേദനകൊണ്ടു മുഖത്തെ പേശികൾ വലിഞ്ഞുതുടങ്ങിയിരിക്കുന്നു. അവൾ അസഹനീയമായ വേദന അമർത്താൻ ശ്രമിക്കുകയാണ്.

"ഗൗരീ,"—അയാൾ ഭയന്നു വിളിച്ചു.

"ഒന്നുമില്ല!...സാരമില്ല... അമ്മമാർക്ക് ഒഴിച്ചുകൂടാനാവാത്ത വേദനയുടെ ആരംഭം...പരിഭ്രമിക്കരുതു..."

ഇറയത്ത് ഒന്നുരണ്ടാളുകളുടെ കാൽപ്പെരുമാററവും അടക്കിയ സംസാരവും അയാൾ കേട്ടു.

"അവർ വന്നെന്നു തോന്നുന്നു." ഗൗരി ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു.

ഗോവിന്ദപ്പിള്ള എഴുനേററു നിലവിളക്കിൻെറ തിരികൂട്ടി.

അയാൾ മുറിയ്ക്കു പുറത്തേയ്ക്കിറങ്ങി.

പാറുവമ്മയും അയലത്തെ മററു രണ്ടു സ്ത്രീകളും മുറിയിലേക്കു കടന്ന്, കതകുചാരി.

ഗൗരിയെ പടിഞ്ഞാറേ ചാവടിയിലെ മുറിയിലേക്കു നീക്കാൻ അധികം താമസിച്ചില്ല...

അന്നു രാത്രി ആ വീട്ടിൽ ആരും ഉറങ്ങിയിട്ടില്ല. കിഴക്കേ പൂമുഖത്തു, ചൂരൽ വരിഞ്ഞ വലിയ ചാരുകസേലയിൽ, ഇരുന്നും, കിടന്നും ചിലപ്പോൾ എഴുനേററു നടന്നും ഗോവിന്ദപ്പിള്ള സമയം കഴിച്ചു.

രാത്രിയ്ക്ക് ഇത്ര ദൈർഘ്യമുണ്ടെന്ന് മുമ്പൊരിക്കലും അയാൾക്ക് അനുഭവപ്പെട്ടിട്ടില്ല. ഓരോ നിമിഷവും ഓരോ യുഗംപോലെയാണ് തോന്നിയതു്. നിമിഷം ഇങ്ങനെ പെരുമ്പാമ്പായിട്ടാണോ എന്നും നീങ്ങിമറയുന്നതു?

സമാധാനം ഒട്ടും തോന്നാത്ത വേളയിൽ, അയാൾ നടന്ന് പടിഞ്ഞാറേ ചാവടി മുറിയുടെ വരാന്തയിൽ ചെന്ന് ചെവി വട്ടംപിടിച്ചു നില്ക്കും. പിന്നെ മടങ്ങും. നടപ്പ് കിഴക്കേ മുററത്താകും. കുറേനേരം ചാരുകസേരയിൽ മലർന്നുകിടക്കും. എന്നാൽ അവിടെ അധികനേരം അങ്ങിനെ കിടക്കാൻ മേലാ. അനങ്ങാതെ കിടക്കുമ്പോഴാണ് അകത്തു അലട്ടൽ അധികം അനുഭവമാകുക. എന്തൊരു അസഹനീയത!

അവസാനയാമത്തെ വിളിച്ചറിയിക്കാൻ അകലെയെവിടെയോ, കോഴികൂവിയതു് അയാൾ കേട്ടു.

ഒരു ദീർഘനിശ്വാസം.......

അതുവരെ തളിരുകളുടെ തൊട്ടിലിൽ പൈതലിനെപ്പോലെ ഒതുങ്ങിയുറങ്ങിക്കിടന്ന, കാററ് ഉണരുന്നതുപോലെ അയാൾക്കു തോന്നി.

കിഴക്കു വെള്ളി വീശിത്തുടങ്ങിയിട്ടുണ്ട്.

മുററത്തെ മൂലയ്ക്ക് നിന്നിരുന്ന വരിക്കമാവിൻ ചുവട്ടിലേയ്ക്ക് അയാൾ നടന്നു. അവ്യക്തമായ വെളിച്ചത്തിൽ, മുററത്തു കിടന്നിരുന്ന മാവിലയൊന്നെടുത്ത് തുടച്ച് അയാൾ പല്ലുതേക്കാൻ ആരംഭിച്ചു.

അപ്പോൾ അതാ, പടിഞ്ഞാറേ ചാവടിയിൽ നിന്നു, കടലയ്ക്കാവിളക്കും കൈയ്യിലേന്തി, അയലത്തെ കല്യാണിയമ്മ പൂമുഖത്തേക്കു വരുന്നു. അയാൾ വേഗം അവരുടെ നേർക്കു ചെന്നു.

കടലയ്ക്കാവിളക്കിൻെറ മങ്ങി മങ്ങിക്കത്തുന്ന വെളിച്ചത്തിൽ

അയാഠം അവരുടെ മുഖം സൂക്ഷിച്ചു. അതു തികച്ചും മ്ലാനമാണു്....

''എന്താ?''—അയാഠം അവരുടെ നേക്കു നോക്കിക്കൊണ്ടു ആവേശത്തോടെ ചോദിച്ചു.

''എല്ലാം ദൈവത്തിൻെറ കയ്യിലാണു്''—കല്യാണിയമ്മ ദീർഘമായി നിശ്വസിച്ചു. അയലത്തെ വീട്ടിലെ സ്ത്രീയാണവർ. ഗൗരി എന്നും അനുജത്തിയെപ്പോലെയാണവക്കു്. എന്നും സഹായത്തിനു് അവിടെ എത്താറുണ്ടു്.

''തെളിച്ചു പറയൂ!''—

''ഗൗരിക്കു തീരെ വയ്യാ!''

''ക്ഷീണമാണോ?''

''എന്തു പറയാനാ!....ഒരു ഡോക്ടറെ വരുത്തിയാൽ...'' കല്യാണിയമ്മയ്ക്കു് അതു മുഴമിക്കുവാൻ സാധിച്ചില്ല. അവരുടെ കണ്ണിൽനിന്നു് വെള്ളം ധാരധാരയായി ഒഴുകി.

''ഡോക്ടർ!''—നിരാശയോ ഭയമോ എന്തായിരുന്നു അയാളുടെ ശബ്ദത്തിലടങ്ങിയിരുന്നതെന്നു് പറയാനാവില്ല.

''ഞങ്ങഠം നേച്ചുകഠം നേരാനിനിയൊന്നുമില്ല. ഡോക്ടറെ വരുത്താതിരുന്നാൽ...''

ഗോവിന്ദപ്പിള്ള, കയ്യിൽ ചുരുട്ടിപ്പിടിച്ചിരുന്ന മാവില, മുററത്തേക്കു് വലിച്ചെറിഞ്ഞു.

''ഡോക്ടർ!''—അയാഠം ആവത്തിച്ചു....''ഡോക്ടർ!''

അവിടെ എവിടെനിന്നാണു് ഒരു ഡോക്ടറെ കൊണ്ടുവരാൻ?

അയാഠം മുററത്തേക്കിറങ്ങി....

നേരം പരപരാ വെളുത്തുകഴിഞ്ഞിരിക്കുന്നു.

അവിടെനിന്നു് നാലുനാഴികനടന്നാലേ വാഹനഗതാഗതമുള്ള വഴിയിലെത്താനൊക്കൂ. മൂന്നു തോടും രണ്ടു പാടങ്ങളും കഴിഞ്ഞുവേണം അവിടെയെത്താൻ. പിന്നെയും അഞ്ചുനാഴികപോകണം ഡോക്ടറുള്ള സ്ഥലത്തെത്താൻ....

ഗോവിന്ദപ്പിള്ള ഇതികത്തവ്യതാമൂഢനായി കിഴക്കോട്ടു നോക്കിനില്ക്കുകയാണു്.

എന്താണു ചെയ്യുക?

ഉടനെ എന്തെങ്കിലും ചെയ്യില്ലെങ്കിൽ...

അയാഠംക്കു് അതു വിചാരിക്കുവാൻകൂടി വയ്യാ.

കയ്യിലിരുന്ന കടലസ്സാവിളക്കു് ഊതിക്കെടുത്തിയിട്ടു കല്യാണിയമ്മ പതുക്കെപ്പതുക്കെ പടിഞ്ഞാറേ ചാവടിയിലേക്കു നടന്നു.

ഗോവിന്ദപ്പിള്ള പടിക്കലേക്കു പോയി.

''ഈ നിലയിൽ ഞാൻ എങ്ങിനെ പോകും?''

''പോകരുതു്....''

''പോകാതിരുന്നാൽ...''അയാളുടെ ഹൃദയത്തിൽ വിചാരങ്ങഠം തിളച്ചുവരികയാണു്.

എന്തുചെയ്യണമെന്നറിയാതെ അയാഠം കിഴക്കേ വഴിയിലേക്കു നോക്കിക്കൊണ്ടു് കുറച്ചുനേരം നിന്നു.

തെക്കേതിലെ രാമൻപിള്ളസാർ അതിരാവിലെ അമ്പലത്തിൽ പോയിട്ടു മടങ്ങുകയാണു്.

''സാറേ!''—അതു വല്ലാത്ത വിളിയായിരുന്നു.

രാമൻപിള്ളസാർ പിടിച്ചുനിറുത്തിയതുപോലെ നിന്നു. തലയുയത്തിനോക്കിയപ്പോഠം ഗോവിന്ദപ്പിള്ള പ്രതിമപോലെ നില്ക്കുന്നതാണു് അയാഠം കണ്ടതു്.

''എന്താ ചേട്ടാ!...എന്താ വിശേഷം?''—അയാഠം ചോദിച്ചുകൊണ്ടു് വഴിയിൽനിന്നു പടികയറി ഗോവിന്ദപ്പിള്ളയുടെ അടുത്തേക്കു ചെന്നു.

''ഒരു സഹായം ചെയ്യണം!''

''എന്താ പറയൂ? എന്താ കാര്യം?''

''ഗൗരിക്കു് ദീനം കലശലാണു്. വേഗം പോയി മത്തായി ഡോക്ടറെ ഇത്രടം വിളിച്ചുകൊണ്ടുവരണം. മററുവല്ലവരും ചെന്നാൽ അദ്ദേഹം വരാൻ മടിച്ചാലോ? വരാതെ പററുകയില്ല. എൻെറ അത്യാവശ്യമാണെന്നു പറഞ്ഞാൽ മതി...വേഗം വണം.'' അയാഠം ഒററശ്വാസത്തിൽ പറഞ്ഞുനിത്തി.

''ഇതാ...ഇപ്പോഠം പുറപ്പെട്ടേക്കാം!''—രാമൻപിള്ളസാർ തിരിഞ്ഞുനടന്നു.

''ഡോക്ടറും മിഡ്വൈഫും വരണം!''

രാമൻപിള്ള നടന്നുമറയുന്നതു നോക്കി അല്പനേരം ഗോവിന്ദപ്പിള്ള അവിടെ നിന്നു. അതിനു ശേഷം അയാഠം പടിഞ്ഞാറേ ചാവടിയെ ലക്ഷ്യമാക്കി നടന്നു.

ആ നാട്ടിൻപുറത്തു് അടുത്തു കിട്ടാവുന്ന ഒരേ ഒരു ഡോക്ടറാണു് മത്തായി ഡോക്ടർ. അവിടെനിന്നു ഒൻപതു നാഴിക അകലെയാണു് അദ്ദേഹത്തിൻെറ താമസം. വീട്ടിൽനിന്നു പത്തുമണിയോടുകൂടി അദ്ദേഹം ടൗണിലേക്കു പോകുകയാണു് പതിവു്. അവിടെയാണു് അദ്ദേഹത്തിൻെറ മരുന്നുകടയും മററും. പട്ടാളത്തിലായിരുന്നു അദ്ദേഹത്തിൻെറ ജോലി. സേവനകാലം പൂത്തിയാക്കിയ ശേഷം രണ്ടുകൊല്ലംമുമ്പ് നാട്ടിൻപുറത്തെത്തി ഒരു ചെറിയ ചികിത്സാലയം ആരംഭിക്കാനുള്ള ശ്രമത്തിലാണു്.

ഒൻപതുനാഴികയ്ക്കപ്പുറത്തു നിന്നു ഡോക്ടർ ഇങ്ങോട്ടു വരാൻ കൂട്ടാക്കിയില്ലെങ്കിലോ?

വരാൻ തയ്യാറായാൽതന്നെ ഇവിടെവന്നുചേരാൻ എത്ര സമയം പിടിക്കും?

ഹൃദയം നൊന്തു് അന്നാണു് ഗോവിന്ദപ്പിള്ള ദൈവത്തോടു് പ്രാർത്ഥിച്ചതു്. മുമ്പൊരിക്കലും ഇത്ര നിസ്സഹായത അയാഠം അറിഞ്ഞിട്ടില്ല.

ഗൗരിയുടെ അസ്വാസ്ഥ്യം നാട്ടിൻപുറത്തൊക്കെ അറിഞ്ഞു. ആളുകഠം അന്വേഷിച്ചു വരവുതുടങ്ങി. അവിടുത്തെ ഒരു പ്രമാണിയായിരുന്നു ഗോവിന്ദപ്പിള്ള. ഏതു പൊതുക്കാര്യത്തിനും അയാഠം ആദ്യമുണ്ടായിരിക്കും. അവിടെ സ്വാതന്ത്ര്യത്തിൻെറ ആവശ്യത്തെക്കുറിച്ചു് ആദ്യമായി സംസാരിക്കാൻ തുടങ്ങിയതു് അദ്ദേഹമാണു്. നാടിൻെറ ദുസ്ഥിതി മാററാൻ നാട്ടുകാരുടെ ആവശ്യങ്ങളറിഞ്ഞു പ്രവത്തിക്കുന്ന സക്കാറിനേ സാധിക്കുകയുള്ളൂന്നു് ആദ്യം അവിടെ ഉറക്കെപ്പറഞ്ഞിട്ടുള്ളതു് അദ്ദേഹമാണു്...

സഹതപിക്കുവാനും സഹായിക്കുവാനും എത്തിയ ആളുകളെക്കൊണ്ടു പൂമുഖത്തു തിരക്കായി...

പക്ഷെ അവക്കു് എന്തു ചെയ്യാനൊക്കും?

ഈ ദുഘടനിലയിൽ ഗൗരിയെ എങ്ങോട്ടു കൊണ്ടുപോകാനൊക്കും?

മണി പത്തായി...

പത്തരയായി...

പതിനൊന്നു കഴിഞ്ഞു.

ഡോക്ടറുടെ വരവുകാത്തു് അവർ വേദനയോടെ കഴിയുകയാണു്...ഇല്ല...അദ്ദേഹത്തിൻെറ ഒരു നിഴൽപോലും കാണാനില്ല.

മദ്ധ്യാഹ്നം കഴിയാറായി....

ആളുകളധികവും വഴിവക്കിൽ വടക്കോട്ടും നോക്കി കൂടി നില്ക്കുകയാണു്...നാട്ടുകാരെയാകെ ഇങ്ങനെ വിമ്മിഷ്ടപ്പെടുത്തിയ ഒരനുഭവം മുമ്പ് അവിടെ ഉണ്ടായിട്ടില്ല. ഒരു ഡോക്ടക്കു് ഇത്ര വിലയുണ്ടെന്നു് അവർ ഇതിനു മുമ്പ് അനുഭവിച്ചറിഞ്ഞിട്ടില്ല......

മണി രണ്ടായി...

ഡോക്ടർ വരുന്നുണ്ടോയെന്നറിയാൻ ഒന്നുരണ്ടാളുകഠം തിരക്കിയിറങ്ങി.

ഗൗരിക്കു ഇടയ്ക്കിടെയുണ്ടായിക്കൊണ്ടിരുന്ന മോഹാലസ്യം അവിടെക്കൂടിയിരുന്ന നാട്ടിൻപുറത്തുകാരികളെ നിലവിളിപ്പിച്ചു.

കയ്യിൽ തലയും താങ്ങി, ഗോവിന്ദപ്പിള്ള പൂമുഖത്തു കസേരയിൽ കുനിഞ്ഞിരിക്കുകയാണു്...

''ഡോക്ടറു വരുന്നുണ്ടു്.'' വഴിയിലേക്കു നോക്കിനിന്നിരുന്നവരിൽ ഒരാഠം ഉത്സാഹപൂർവ്വം വിളിച്ചുപറഞ്ഞു. അവിടെക്കൂടിയിരുന്നവരിൽ ആ വാക്കുകഠം ഒരു നൂതന ചലനം ഉളവാക്കി.

ഗോവിന്ദപ്പിള്ള എഴുന്നേററു പടിക്കലേക്കു് ഓടി........

നാലഞ്ചു് ആളുകളോടുകൂടി ഡോക്ടർ പടികയറി വരുന്നുണ്ടു്. വിയത്തൊലിച്ചു് മുററത്തേക്കു കയറിവന്ന ഡോക്ടറെ കെട്ടിപ്പിടിച്ചുകൊണ്ടു ഗോവിന്ദപ്പിള്ള വിങ്ങിപ്പൊട്ടി:

''എന്നെ രക്ഷിക്കണം!''

അവിടെ നിന്നിരുന്നവരൊക്കെ കണ്ണുതുടച്ചു.......

ഡോക്ടർ ഒന്നും പറഞ്ഞില്ല.

അദ്ദേഹത്തെ അവർ പടിഞ്ഞാറേ ചാവടിയിലേക്കു് നയിച്ചു.

കല്യാണിയമ്മയും പാറുവമ്മയും ഒഴിച്ചു് ബാക്കിയെല്ലാ പെണ്ണുങ്ങളും മുറിക്കു പുറത്തിറങ്ങി.

നിശ്ശബ്ദമായി വിനാഴികകഠം ഇഴഞ്ഞുനിങ്ങി...

ഏതാണ്ടു് അര മണിക്കൂർ കഴിഞ്ഞപ്പോഠം അകത്തു് ഒരു പിഞ്ചുകുഞ്ഞിൻെറ കരച്ചിൽ...

രാമൻപിള്ളസാർ വാച്ചുനോക്കിക്കൊണ്ടു പതുക്കെ പറഞ്ഞു:

''മൂന്നു കഴിഞ്ഞു് പതിനേഴു് മിനിററു്.''

പെണ്ണുങ്ങളുടെ മുഖങ്ങഠം പ്രസന്നമായി.

കുഞ്ഞിൻെറ കരച്ചിൽ കലശലായി കേഠംക്കാൻ തുടങ്ങി......

ഏതാണ്ടു പത്തുപതിനഞ്ചു നിമിഷം ചെന്നപ്പോഠം, ഉറക്കംപിടിച്ച ചോരക്കുഞ്ഞിനെ, കല്യാണിയമ്മ പുറത്തുകൊണ്ടുവന്നു.

ഡോക്ടർ പുറത്തുവരാൻ പിന്നെയും മുക്കാൽ മണിക്കൂറോളം വേണ്ടിവന്നു. ആകാംക്ഷയോടെ പുറത്തു കാത്തുനിന്നിരുന്ന ഗോവിന്ദപ്പിള്ളയെ സമീപിച്ചു, അദ്ദേഹം മുഖമുയത്താതെ പതുക്കെ പറഞ്ഞു:

''കുഞ്ഞു ജീവിക്കും....'' അദ്ദേഹം ഇടയ്ക്കു് അല്പം നിത്തിയിട്ടു് നിസ്സഹായതയോടെ ഗോവിന്ദപ്പിള്ളയുടെ മുഖത്തേക്കു നോക്കി... ''തള്ളയെ കിട്ടാൻ ദൈവത്തോടു പ്രാത്ഥിക്കൂ!''

''ഡോക്ടർ!''—ഗോവിന്ദപ്പിള്ള വിങ്ങിപ്പൊട്ടി.

''കഴിവുള്ളതൊക്കെ ഞാൻ ചെയ്തിട്ടുണ്ടു്'' ടൂവാലകൊണ്ടു് നെററിയിലെ വിയർപ്പു തുടച്ചുകൊണ്ടു ഡോക്ടർ തുടന്നു—''എല്ലാം ദൈവത്തിൻെറ കയ്യിൽ......''

ഭയാനകമായ നിശ്ശബ്ദത അവിടെ തളം കെട്ടിനില്ക്കുകയാണു്.

അരനിമിഷം തികയുന്നതിനു മുമ്പു് അകത്തു് പെണ്ണുങ്ങളുടെ ഒതുക്കാനാവാത്ത കരച്ചിൽ....

''കയ്യിൽ കിട്ടിയതിനെ കാത്തുകൊള്ളൂ....പോയതൊക്കെ പോ

യി....ഒരു പക്ഷെ മൂന്നു മണിക്കൂറിനു മുമ്പായിരുന്നെങ്കിൽ...ഈ നിലവിളി ഇവിടെ ഉണ്ടാകുമായിരുന്നില്ല....'' പിന്നെ ഡോക്ടർ ഒന്നും പറഞ്ഞില്ല.

ഗോവിന്ദപ്പിള്ള മനഃപൂർവ്വം ചിന്തയ്ക്കു വിരാമമിട്ടു......

......ചെറു കാററിൽ ഇളകി നൃത്തം ചവിട്ടുന്ന ഗൗരീഗാത്രത്തെങ്ങിന്റെ മഞ്ഞയോലകളിൽ തുറിച്ചു നോക്കിക്കൊണ്ട് ഇരിക്കുകയാണ് ഇന്നു വൃദ്ധനായ അയാൾ. ഇരുപത്തിയഞ്ചുകൊല്ലം മുമ്പ്, അയാളുടെ ആത്മാവിന്റെ അംശം ആറടി മണ്ണിൽ അടക്കംചെയ്തിടത്ത്, ഒരു ഗൗരീഗാത്രത്തൈ വയ്ക്കുകയുണ്ടായി. ആ തയ്യാണ് ഇന്നു വളർന്ന്, ഈ തെങ്ങായി രൂപം പ്രാപിച്ചിരിക്കുന്നതെന്ന് അയാൾക്കറിവുണ്ട്. ഇന്ന് ആ തെങ്ങു കാണുന്നവരൊക്കെ പറയാറുണ്ട്— ''എന്തൊരു ചൈതന്യമുള്ള തെങ്ങ്......''

എന്നാൽ അയാളോട്, ആ ഗൗരീഗാത്രത്തെങ്ങ് പറയുന്നതു്, നിസ്സഹായതമൂലം അയാൾക്കു നഷ്ടപ്പെട്ട ആത്മാംശത്തിന്റെ ദുരന്ത കഥയാണ്. ആ തെങ്ങിന്റെ നിഴൽ ഇന്നു വീശുന്നതു് ഗ്രാമീണർക്കെല്ലാം ആശ്വാസം അരുളുന്ന ആ ഹെൽത്ത് സെൻററിലാണ്....

ഇരുപത്തഞ്ചുകൊല്ലം മുമ്പ്, അയാളുടെ കൈകളിൽ ഒരു ചോരക്കുഞ്ഞിനെ കൊടുത്തിട്ട് ജീവിതസഖി കാലയവനികയ്ക്കപ്പുറത്തേക്കു പിൻവാങ്ങി.

ആ പെൺകുഞ്ഞു വളർന്നു. അമ്മയില്ലാത്ത അവൾക്കു അമ്മയായിത്തീർന്നു ആ അച്ഛനാണ്.

അവൾ വളർന്നു. ഒരു നൂതനയുഗത്തിലേക്കാണു വളർന്നതെന്നുമാത്രം. അറിവിന്റെ വെളിച്ചം അറിയാറായപ്പോൾ, ജന്മഭൂമി സ്വാതന്ത്ര്യായെന്ന് അവൾ അറിഞ്ഞു.

ഗോവിന്ദപ്പിള്ള അതോർമ്മിച്ചു. സ്വാതന്ത്ര്യത്തിന്റെ അഞ്ചാം പിറന്നാൾ സമ്മാനമായി അവിടത്തുകാർക്ക് കിട്ടിയതു് ഒരു സാമൂഹ്യ വികസനകേന്ദ്രമായിരുന്നു. ആളുകളെ ഒന്നിപ്പിച്ച്, അതിന്റെ വിജയത്തിനുവേണ്ടി ഗോവിന്ദപ്പിള്ള അശ്രാന്തപരിശ്രമം ചെയ്തു. അവിടെ പൊതുജനസഹകരണത്താൽ എന്തെല്ലാം സ്ഥാപനങ്ങളാണ് അതോടുകൂടി ആരംഭിച്ചതു്! അത്യധ്വാനംചെയ്യുമ്പോൾ ശരീരത്തിലെ രക്തധമനികൾ സ്വയം വികസിക്കുന്നതുപോലെ അവിടത്തെ ഒററയടിപ്പാതകൾ രാജപാതകളായി വികസിച്ചു. ഗ്രാമത്തിന്റെ മാറിയ മുഖഛായ എല്ലാവരും കാണാനായി അർദ്ധരാത്രിയിൽപോലും വൈദ്യുതവിളക്കുകൾ പ്രകാശിച്ചു. പരാധീനതകൾ പരിഹരിക്കാൻ സ്വാശ്രയശീലം വളർത്തുകയാണുത്തമമെന്ന് നാട്ടിൻപുറത്തുകാർ മനസ്സിലാക്കി. ഒരു നവജീവിതം സംവിധാനം ചെയ്യുവാൻ കരുത്തുള്ള കരങ്ങൾ തങ്ങൾക്കുണ്ടെന്ന ആത്മവിശ്വാസം അവർ കണ്ടെത്തി. ഈ പരിവർത്തനങ്ങൾ വരുത്തിയതിൽ സ്വന്തം പങ്ക് ഗോവിന്ദപ്പിള്ള അഭിമാനത്തോടെ ഓർമ്മിച്ചു. ഹെൽത്തു സെൻറർ നില്ക്കുന്ന സ്ഥലം അയാൾ ദാനംചെയ്തതാണ്. അതു് അയാൾ കൊടുക്കുവാൻ ഇടവന്നതു നിസ്സഹായതമൂലം തനിക്കു നഷ്ടപ്പെട്ട ഭാര്യയുടെ നിത്യസ്മാരകമെന്ന നിലയിൽ ഗ്രാമീണക്കൊരു ആശാകേന്ദ്രം അവിടെ രൂപംകൊള്ളട്ടെയെന്നു കരുതിയുമാണ്. അന്യർ അതറിയണമെന്ന് അയാൾ ആശിച്ചില്ല. അയാളെ സംബന്ധിച്ചിടത്തോളം, അതു് ഒരു താജ്മഹൽ ആണ്.

ഓർമ്മകൾ അഭിമാനത്തിന്റെ ദീപം അകത്തു കൊളുത്തിയപ്പോൾ ഗോവിന്ദപ്പിള്ളയുടെ മുഖം തെളിഞ്ഞു. ഗൗരീഗാത്രത്തെങ്ങിന്റെ ഓലകളെ ഉമ്മവച്ച്, ഇക്കിളിയാക്കി ചിരിപ്പിച്ചുകൊണ്ട്, അതുവഴി വന്ന കാറേററപ്പോൾ, രോമാഞ്ചമുണ്ടായി. സകലതും മറന്ന്, അയാൾ ദിവാസ്വപ്നത്തിൽ ലയിച്ച് ഇരുന്നുപോയി.

......അടുത്തടുത്തു വന്ന കാലൊച്ചയാണ് ഗോവിന്ദപ്പിള്ളയെ ഉണർത്തിയതു്. തലയുയർത്തി, മുമ്പോട്ടു നോക്കിയപ്പോൾ, സ്റ്റെതോസ്കോപ്പും കയ്യിൽ വീശി, സുസ്മേരവദനയായി ലേഡീ ഡോക്ടർ നടന്നടുക്കുന്നു. അയാൾ പിടഞ്ഞെഴുന്നേററു തൊഴുതു......

''എന്താ! അപ്പൂപ്പനായെന്നറിഞ്ഞിട്ടാണോ ഇത്ര സന്തോഷം?'' —ഡോക്ടർ കുസൃതിച്ചിരിയോടെ ഗോവിന്ദപ്പിള്ളയെ നോക്കി ചോദിച്ചു.

കേട്ടതെന്തെന്നു മനസ്സിലാകാത്തവനെപ്പോലെ അയാൾ അവരെ തുറിച്ചുനോക്കി.

''കുഞ്ഞിനു് ഏഴര റാത്തലുണ്ട് തൂക്കം.'' ഗോവിന്ദപ്പിള്ളയുടെ അത്ഭുതം വളർത്താൻ ഡോക്ടർക്കു രസം തോന്നി. അവർ ചിരിച്ചു.

''ഡോ ക്ട ർ....ങ്...എ നി ക്ക് ...'' ഗോവിന്ദപ്പിള്ള വാക്കുകൾക്കുവേണ്ടി തപ്പിത്തുടങ്ങി.

''ഒന്നും മനസ്സിലായില്ല, അല്ലേ! മകളുടെ കുട്ടിയെക്കുറിച്ചാണു ഞാൻ പറഞ്ഞതു്. കേട്ടോ?''

''അവൾ...പ്രസവിച്ചോ?''

''അയ്യോ പാവം! അതുപോലും അറിഞ്ഞില്ല.''

''ഇല്ല. ഇന്നലെ രാത്രി ഇവിടെ കൊണ്ടുവന്നു വിട്ടിട്ടു പോയതാണ്. വിവരമറിയാൻ ഇപ്പോഴാ......''

''വരുന്നതു്! കൊള്ളാം! ങ്! മകൾ പ്രസവിച്ചു. ഇന്നു കാലത്തു നാലുമണിക്ക്. പെൺകുഞ്ഞു്. ....അതാ! അവിടെ മുറിയിൽ കുഞ്ഞും തള്ളയും ഉണ്ട്.''

സന്തോഷാധിക്യത്താൽ ഗോവിന്ദപ്പിള്ള മിഴിച്ചുനിന്നു.

''വരൂ! ഞാൻതന്നെ കാണിച്ചുതരാം.'' ഡോക്ടർ തിരിഞ്ഞു നടന്നു. അനുസരണമുള്ള കുട്ടിയെപ്പോലെ ഗോവിന്ദപ്പിള്ള അവരെ അനുഗമിച്ചു.

ക്ഷീണിച്ചവളെങ്കിലും പ്രസന്നയായി മകൾ കിടക്കുന്നു. അവളുടെ കടിഞ്ഞൂൽപ്രസവമാണ്. കട്ടിലിന്നടുത്തു അയാൾ ചെന്നുനിന്നു.

നിസ്സഹായതയുടെ ഇരുളിൽ നിന്ന് ആ ഗ്രാമത്തെ, സുഖസൗഭാഗ്യങ്ങളുടെ വെളിച്ചത്തിലേക്ക് നയിച്ച നിരവധി സാധാരണക്കാരുടെ കൂട്ടത്തിൽ പെടുന്ന അയാൾ, സ്വന്തം മകളെയും അവളുടെ അടുത്തു നിദ്രയിൽ ലയിച്ചു കിടക്കുന്ന പേരക്കുഞ്ഞിനെയും നോക്കിക്കൊണ്ടു, അവിടെ നിന്നതു് അവാച്യമായ ആനന്ദം അയാളിലുളവാക്കിയ പുളകപ്പട്ടം പുതച്ചുകൊണ്ടായിരുന്നു.